**ശ്രദ്ധക്ഷണിക്കൽ**

**സംസ്ഥാന ഫിഷറീസ് സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ**

ശ്രീ. ഹൈബി ഈഡൻ: സർ, കേരളത്തിലെ ആദ്യത്തെ ഫിഷറീസ് സർവ്വകലാശാലയാണ് Kerala University of Fisheries and Ocean Studies (KUFOS). പനങ്ങാട് കേന്ദ്രീകൃതമായി ഈ ഗവൺമെന്റ് അതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വളരെയധികം മുന്നോട്ടുപോയിട്ടുണ്ട്. ഇൻഡ്യയിൽത്തന്നെ മറ്റ് ഫിഷറീസ് സർവ്വകലാശാലകൾ തുടങ്ങാനുള്ള പ്രേരണ നൽകിയിട്ടുള്ളത് KUFOS-ന്റെ പ്രവർത്തനങ്ങൾ കണ്ടുകൊണ്ടാണ്. മഹാരാഷ്ട്ര, തമിഴ്നാട് പോലുള്ള മറ്റ് സംസ്ഥാനങ്ങളും ഫിഷറീസ് യൂണിവേഴ്സിറ്റിയായ KUFOS-ന്റെ മാതൃകയിൽ അവിടെ വാഴ്സിറ്റികൾ തുടങ്ങാൻ തയ്യാറെടുത്തിരിക്കുകയാണ്. 2011-ലെ ജനസംഖ്യാ കണക്കെടുപ്പിന്റെ അടിസ്ഥാനത്തിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ജനജീവിതം മുന്നോട്ടുകൊണ്ടുപോകുന്ന 10.02 ലക്ഷം ആളുകളാണുള്ളത്. അതിൽ 7.71 ലക്ഷം ആളുകൾ തീരപ്രദേശത്തും 2.31 ലക്ഷം ആളുകൾ ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ടുകിടക്കുകയാണ്. അനുബന്ധ മത്സ്യമേഖലയിൽ പ്രവർത്തിക്കുന്നത് 74,000-ലേറെ ആളുകളാണ്. ഫിഷറീസ് സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ വളരെ വേഗത്തിൽ മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ടെങ്കിലും പരമ്പരാഗതമായ തൊഴിൽ നടത്തുന്ന ആളുകൾക്കപ്പുറം പുതിയ തലമുറയുമായി ഇൻഡസ്ട്രിയെ ബന്ധപ്പെടുത്താൻ നമുക്ക് പലപ്പോഴും കഴിയുന്നില്ല. അത്തരം ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനുവേണ്ടിയാണ് KUFOS എന്ന

ഈ സർവ്വകലാശാല സ്ഥാപിച്ചിട്ടുള്ളത്. ഏകദേശം 25 കോഴ്സുകളിപ്പോൾ യൂണിവേഴ്സിറ്റി കേന്ദ്രീകരിച്ച് നടക്കുന്നുണ്ട്. ട്രെഡിഷണൽ ഫിഷിംഗ് മെത്തേഡ്സിനൊപ്പംതന്നെ സയന്റിഫിക്കായിട്ടുള്ള കാര്യങ്ങളും യോജിപ്പിക്കുകയും അതോടൊപ്പം പുതിയ തലമുറയെകൂടി ഇതുമായി കൂട്ടിയിണക്കികൊണ്ട് മുന്നോട്ടുപോയാൽ മാത്രമെ ഈ ഇൻഡസ്ട്രിക്ക് നിലനിൽക്കാനും വലിയൊരു സമൂഹത്തിന് താങ്ങാവാനും ഈ സർവ്വകലാശാലയ്ക്ക് കഴിയുകയുള്ളൂ. പനങ്ങാട് ആണ് ഇതിന്റെ ആസ്ഥാനം. പുതുവൈപ്പ്-ൽ വളരെ പ്രധാനപ്പെട്ട ഒരു ക്യാമ്പസ്സ് പ്രവർത്തിക്കുന്നുണ്ട്. ഈ ക്യാമ്പസ്സിൽ ഓഷ്യാനോഗ്രാഫിയടക്കമുള്ള കാര്യങ്ങൾക്ക് ഏറെ പ്രാധാന്യം കൊടുത്തുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ലോകോത്തര നിലവാരമുള്ള ഓഷ്യൻ സ്റ്റഡീസ് ക്യാമ്പസ്സായി ഇതിനെ മാറ്റാൻ സാധിക്കും, അതിനുള്ള സ്കോപ് പുതുവൈപ്പ് ക്യാമ്പസ്സിനുണ്ട്. അതുപോലെതന്നെ കണ്ടൽ ഗവേഷണത്തിന് ഏറ്റവും നല്ല അനുയോജ്യമായ സ്ഥലമാണ് പുതുവൈപ്പ് ക്യാമ്പസ്. ആർ&ഡി. ഈ മേഖലയിൽ വ്യാപിപ്പിച്ചാൽ മാത്രമെ നമുക്ക് ഇത് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ധാരാളം പഠനങ്ങൾക്ക് പണവും സമയവും കണ്ടെത്തേണ്ടതുണ്ട്. മത്സ്യബന്ധനത്തിൽ ഇപ്പോഴുള്ള അശാസ്ത്രീയമായ പ്രവർത്തനങ്ങൾമൂലം വംശനാശ ഭീഷണി നേരിടുന്ന പല സ്പീഷീസിനെയും കുറിച്ചൊരു ശാസ്ത്രീയമായ പഠനം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. ഇതുമായി ബന്ധപ്പെട്ടു നടത്തിയ പഠനങ്ങളിൽ നിർദ്ദേശിക്കുന്നതുതന്നെ രണ്ടുഘട്ടങ്ങളിലായി ട്രോളിംഗ് നിരോധനം ഏർപ്പെടുത്തണമെന്നാണ്. അതുകൊണ്ടുതന്നെ rare species ആയിട്ടുള്ള അല്ലെങ്കിൽ വംശനാശ ഭീഷണിനേരിടുന്ന മീനുകളെ

സംരക്ഷിക്കാനുള്ള പഠനം നടത്താൻ KUFOS –ന് കഴിയണം. ഓരുകൃഷി യുമായി ബന്ധപ്പെട്ട് ഏറ്റവും വിജയകരമായി നടക്കുന്ന ഒരു മോഡൽ ആന്ധ്രാപ്രദേശിലാണുള്ളത്. മനാമി ചെമ്മീൻപോലെ ഈ രംഗത്ത് വളരെ വ്യാപകമായ രീതിയിൽ കൃഷി നടത്തി അത് എക്സ്പോർട്ട് ചെയ്ത് വലിയ രീതിയിലുള്ള മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞത് ആന്ധ്രാപ്രദേശിലാണ്. അവിടെ കേരളത്തിൽനിന്നും വ്യത്യസ്തമായി സ്ഥലത്തിന്റെ പരിമിതികളോ പ്രശ്നങ്ങളോയൊന്നുമില്ല. പക്ഷെ, കേരള ത്തിൽ സ്ഥലമൊരു വലിയ പരിമിതിയാണ്. എങ്കിൽപ്പോലും ആ മോഡൽ സ്വീകരിച്ച് ഓരുകൃഷി ഫലപ്രദമായി നടപ്പിലാക്കാൻ കേരളത്തിനും കഴിയു മെന്നുള്ളത് ആന്ധ്രാപ്രദേശ് മോഡൽ തെളിയിച്ചിട്ടുള്ളതാണ്. എക്സ്പോർട്ട് വളരെയധികം കൂടിയെന്ന് നമ്മൾ പലപ്പോഴും പത്രത്തിൽ വായിക്കാറുണ്ട്. വിദേശത്തേയ്ക്ക് നമ്മുടെ മത്സ്യോൽപ്പാദനം അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടുള്ള ഉൽപ്പന്നങ്ങൾ കയറ്റിയയ്ക്കുന്നത് വർദ്ധിച്ചുവെന്ന് കാണുമ്പോൾ അത് ഫിഷിംഗിന്റെ ക്യാച്ച് കൂടിയെന്നതല്ല കാണിക്കുന്നത്. പലപ്പോഴും അന്യസംസ്ഥാനങ്ങളിൽനിന്നുവരുന്ന മീനുകളെയും അനുബന്ധ പ്രോഡക്ടുകളെയും ഇവിടെ പ്രോസസ്സ് ചെയ്യുകമാത്രമാണ് ചെയ്യുന്നത്. അതുവഴിയാണ് നമുക്ക് എക്സ്പോർട്ട് വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുള്ളത്, അല്ലാതെ മീൻപിടുത്തത്തിലുണ്ടായിട്ടുള്ള വർദ്ധനവല്ല ഇത് എന്നുള്ളത് ഞാൻ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. അശാസ്ത്രീയമായ ഈ രീതികൾ മാറ്റാനും അതിനെക്കുറിച്ച് പഠനം നടത്താനും അതുപോലെതന്നെ മത്സ്യബന്ധനവുമായി അനിയന്ത്രിതമായ മത്സ്യയാനങ്ങൾ നടത്തുന്ന വ്യാപനവുമെല്ലാം ഈ സമുദ്രോൽപ്പന്നങ്ങൾക്ക് ഗണ്യമായ കുറവുണ്ടാക്കിയി

ട്ടുണ്ട്. അത് ഗൗരവമായിത്തന്നെ പഠനം നടത്തി അതിനുവേണ്ടുന്ന നടപടികൾ സ്വീകരിക്കണം. അതുപോലെ, കാർഷിക സർവ്വകലാശാലയിലെ ധാരാളം തസ്തികകൾ ഈ ഫിഷറീസ് സർവ്വകലാശാലയിലേയ്ക്ക് മാറ്റേണ്ടതിന്റെ ആവശ്യകതയുമുണ്ട്. ഇവിടെ ജീവനക്കാരുടെ എണ്ണം വളരെ കുറവാണ്. ജീവനക്കാരെ ലഭിക്കേണ്ടത് ഈ സർവ്വകലാശാലയുടെ മുമ്പോട്ടുള്ള പോക്കിന് വലിയ ആവശ്യമാണ്. മറ്റ് മൃഗങ്ങളെ ചികിത്സിക്കുന്നതുപോലെതന്നെ അക്വാക്ലിനിക് ഇവിടെ നമുക്ക് ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് എനിക്കുതോന്നുന്നു. മത്സ്യങ്ങളിലുണ്ടാകുന്ന രോഗങ്ങളെക്കുറിച്ച് പഠിക്കാനുമെല്ലാം ഒരു ഇന്നവേറ്റീവായിട്ടുള്ള അക്വാ ക്ലിനിക്ക് വ്യാപിപ്പിക്കണം. തീരപ്രദേശ മത്സ്യബന്ധനവുമായും ഉൾനാടൻ മത്സ്യബന്ധനവുമായും ബന്ധപ്പെട്ടുകിടക്കുന്ന പ്രദേശത്തേ് നമുക്ക് ക്യാമ്പസുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിക്കണം. ക്യാമ്പസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുമ്പോൾ ഇൻഫ്രാസ്ട്രക്ചർ മാത്രമല്ല ഇതുമായി ബന്ധപ്പെട്ടുകിടക്കുന്നൊരു വലിയ സമൂഹത്തെ ഇതുമായി യോജിപ്പിക്കാൻ നമുക്ക് കഴിഞ്ഞെങ്കിൽമാത്രമെ ഇത് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ KUFOS –ന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നമുക്ക് ആർ & ഡി. ഡിപ്പാർട്ടുമെന്റ് കൂടുതൽ ശക്തമാക്കേണ്ടിയിരിക്കുന്നു.

മി. സ്പീക്കർ: യെസ്. ശ്രീ. ഹൈബി ഈഡൻ.. പ്ലീസ്.

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ അവസാനിപ്പിക്കുന്നു. അതിനുവേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഇൻഡ്യയിൽ ആദ്യത്തെ ഫിഷറീസ് സർവ്വകലാശാല യാണ് കൊച്ചിയിലിപ്പോൾ പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. ഗവേഷണം, വിദ്യാ ഭ്യാസം, വിജ്ഞാനം, വ്യാപനം, ഭരണം എന്നീ മേഖലയിൽ ക്രിയാത്മകമായ പദ്ധതികൾ ഈ സർവ്വകലാശാല രൂപം നൽകികൊണ്ടിരിക്കുകയാണ്. ഈ അക്കാഡമിക് വർഷത്തിൽ നാല് പുതിയ ബിരുദാനന്തര ബിരുദ കോഴ്സു കളും മൂന്ന് ബിരുദാന്തര ബിരുദ ഡിപ്ലോമാ കോഴ്സുകളും ആരംഭിക്കാനുദ്ദേ ശിക്കുന്നു. ഇതിനായി 322 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 565 ലക്ഷം രൂപ ചെലവഴിച്ച് മൂന്നുവർഷം കൊണ്ട് പൂർത്തിയാക്കാവുന്ന സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ കീഴിൽ വാണിജ്യത്തിലും രാജ്യാന്തര കച്ചവടത്തി ലുമുള്ള അദ്ധ്യാപനത്തിനും ഗവേഷണത്തിനുമായി ഒരു പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സ് തുടങ്ങാനുദ്ദേശിക്കുന്നു. 895 ലക്ഷം രൂപ ചെലവഴിച്ച് ഒരു ബിസി നസ് സ്കൂളും സ്കൂൾ ഓഫ് ഓഷ്യൻ എഞ്ചിനീയറിംഗിന്റെ കീഴിൽ 20 ലക്ഷം രൂപ ചെലവഴിച്ച് കോസ്റ്റൽ ആന്റ് ഓഫ്ഷോർ എഞ്ചിനീയറിംഗിന്റെ ഒരു എം.ടെക് കോഴ്സും തുടങ്ങാൻ സർവ്വകലാശാലയ്ക്ക് പദ്ധതിയുണ്ട്.

മറൈൻ ബയോളജിയിലും മറൈൻ ബയോപ്രോസസിംഗിനും വേണ്ടി 20 കോടി രൂപ മുടക്കി ഒരു പുതിയ മികവിന്റെ കേന്ദ്രം തുടങ്ങാനും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഫിഷിംഗ് സമുദ്ര പഠന മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ പാകുന്നതിനുവേണ്ടി 633 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ സഹായത്തോടെ 56 ലക്ഷം രൂപ

മുടക്കി അനിമൽ ഹെൽത്ത് മാനേജ്മെന്റ് ലബോറട്ടറി സ്ഥാപിക്കുന്നതാണ്. കാലാവസ്ഥ വ്യതിയാനംമൂലം കേരളത്തിന്റെ കടൽതീരത്തെ മത്സ്യത്തൊഴി ലാളി കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ, മത്സ്യചെമ്മീൻ കൃഷി, മത്സ്യ സമ്പത്ത് എന്നിവ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനും പ്രതിവിധി കൾക്ക് രൂപം നൽകുവാനുമായി സർവ്വകലാശാലയിൽ കാലാവസ്ഥ വ്യതിയാന പഠന കേന്ദ്രം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിലെ തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം ധാരാളമായിട്ടുണ്ട്. കേരളത്തലെ ശുദ്ധജല മേഖലയിൽ 200 തരം മത്സ്യങ്ങളുണ്ട്. എന്നാൽ അതിൽ 24 ഇനം വംശ നാശം സംഭവിച്ചതായി ട്ടാണ് കണക്കാക്കുന്നത്. ഉപരിതലത്തിൽ 60 ഇനം സ്പീഷീസുണ്ട്. അതിൽ 12 ഇനം വംശനാശം സംഭവിച്ചതായി പറയപ്പെടുന്നു. അതുപോലെ സമുദ്ര ജല മേഖലയിൽ 240 സ്പീഷീസുണ്ട്. അതിൽ മുപ്പതോളം സ്പീഷീസ് ഇപ്പോൾ നഷ്ടപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ തനതായ സ്പീഷീസ് 22 ഇനം ഇപ്പോൾ ഇല്ലാതായതായി കണ്ടെത്തിയിട്ടുണ്ട്. ഏതായാലും നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന മത്സ്യങ്ങളുടെ സമ്പത്ത് പുന:സ്ഥാപിക്കാനും അവയെ മത്സ്യകൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്തുവാനുമുള്ള ഗവേഷണങ്ങൾക്ക് പ്രാധാന്യം നൽകാൻ സർവ്വകലാശാലയിൽ തദ്ദേശീയ മത്സ്യബന്ധന കേന്ദ്രം ആരംഭിക്കും. ഈ സാമ്പത്തിക വർഷത്തിൽ സർവ്വകലാശാലയുടെ പുറമെ യുള്ള കേന്ദ്ര-സംസ്ഥാന ഏജൻസികളുടെ ധനസഹായത്തോടെ 35 കോടി രൂപയുടെ ഗവേഷണ വികസന പദ്ധതികൾക്കായി വിവിധ ഏജൻസികൾക്ക് സമർപ്പിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേ ഷന്റെ കീഴിൽ കേരള ലൈഫ് സയൻസ് പാർക്കുമായി ചേർന്ന് ഒരു മറൈൻ

ഇന്നവേഷൻ സോണും ഒരു ഇൻഡസ്ട്രി ഇൻക്യുബേഷൻ സെന്ററും സ്ഥാപിക്കുന്നതാണ്. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷത്തിൽ 399 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ ബോധവത്കരിക്കുവാനും KUFOS (Kerala University of Fisheries and Ocean Studies) -ൽ ഒരു ലീഗൽ എയ്ഡ് ക്ലിനിക് തുടങ്ങാനും ഉദ്ദേശിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി KUFOS-ൽ ഒരു മത്സ്യത്തൊഴിലാളി വനിതാ പഠനകേന്ദ്രം സ്ഥാപിക്കും. സർവ്വകലാശാലയിൽ ഒരു ഫിഷ് ടെക്നിക്കൽ പോർട്ടൽ ആരംഭിക്കുന്നതാണ്. സർവ്വകലാശാലയിൽ ഒരു കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്. മത്സ്യ ചെമ്മീൻ രോഗ നിർണ്ണയം, രോഗഹേതു പ്രതിരോധ മാർഗ്ഗങ്ങൾ, രോഗം പൊട്ടിപുറപ്പെട്ടാൽ തടയുക എന്നീ വിഷയങ്ങളിൽ കർഷകർക്ക് സാങ്കേതിക അറിവുകൾ അക്വാ ക്ലീനിക്കുവഴി ലഭ്യമാക്കും. സർവ്വകലാശാലയിൽ ഒരു എഡ്യൂക്കേഷൻ മീഡിയ സെന്റർ സ്ഥാപിക്കാനും അതുവഴി ഈ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. അടിസ്ഥാന സൗകര്യത്തിനുള്ള പശ്ചാത്തല സൗകര്യമൊരുക്കാൻ 35.45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തിരുവല്ലത്ത് ഒരു ബിസിനസ് സ്കൂൾ ഉടനെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പൊതുവെപ്പ് ഫിഷറീസ് സ്റ്റേഷൻ സ്കൂൾ കെട്ടിട നിർമ്മാണം ഈ വർഷം തന്നെ ആരംഭിക്കും. പനങ്ങാട് കാമ്പസിലെ അക്കാഡമിക് സമുച്ചയത്തിന്റെ നിർമ്മാണം ഈ വർഷം പൂർത്തീകരിക്കും. ജീവനക്കാരുടെ പാർപ്പിട സമുച്ചയത്തിന്റെ നിർമ്മാണം തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്യും. സർവ്വകലാശാല മേഖലയിൽ ഒരു പുതിയ യൂണിവേഴ്സിറ്റിയാണെങ്കിലും ഈ യൂണിവേ

ഴ്സിറ്റി ഇന്ന് വളരെയേറെ മുന്നോട്ടുപോയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഈ മേഖലയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ചെയ്യത്തക്ക വിധത്തിലും ആധുനിക കാലഘട്ടത്തെ അഭിമുഖീകരിക്കത്തക്ക വിധത്തിലുള്ള കോഴ്സുകൾ ആരംഭിച്ചുകൊണ്ട് ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ഇന്ന് കൂടുതൽ സജീവമാക്കികൊണ്ടിരിക്കുകയാണ്.

<u>ശ്രീ. ഹൈബി ഈഡൻ</u> : സർ, പരമ്പരാഗതമായ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു വലിയ സമൂഹത്തിന് ഈ യൂണിവേഴ്സിറ്റിയുടെ പ്രയോജനം ലഭിക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ അവരുടെ കുട്ടികൾക്ക് ഈ കോഴ്സുകൾ പഠിക്കാൻ ഈ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് അവർക്ക് സംവരണം ഏർപ്പെടുത്താൻ ഗവണ്മെന്റ് തയ്യാറാകുമോ? അതോടൊപ്പം യു.ജി.സി.യുടെ അംഗീകാരം നേടിയെടുക്കാൻ, ഇന്ത്യയിലെ ആദ്യത്തെ ഫിഷറീസ് സർവ്വകലാശാല ആയതുകൊണ്ടുതന്നെ യു.ജി.സി.യുടെ ഗ്രാന്റിനുവേണ്ടി നല്ല കോഴ്സുകൾ ഡിസൈൻ ചെയ്യാനും നോർവെ പോലുള്ള വിദേശ രാജ്യങ്ങളിലെ നല്ല മാതൃകകൾ സ്വീകരിച്ചുകൊണ്ട് യു.ജി.സി.യിൽനിന്ന് അംഗീകാരം നേടിയെടുക്കാനുള്ള ശ്രമങ്ങളും ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

<u>ശ്രീ. കെ. ബാബു</u> : സർ, ഇവിടെയുള്ള കോഴ്സുകൾക്ക് മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സംവരണം നൽകുന്നതിനെക്കുറിച്ച് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. 27-ാം തീയതി KUFOS -ന്റെ ഗവേണിംഗ് കൗൺസിലും ജനറൽ കൗൺസിലും ചേരുന്നുണ്ട്. ആ യോഗത്തിൽ ഈ കാര്യത്തിലൊരു തീരുമാനമുണ്ടാകും. തീർച്ചയായും മത്സ്യത്തൊഴിലാളി കുട്ടികൾക്ക് ഈ യൂണിവേഴ്സിറ്റിയിൽ പഠിക്കാനുള്ള സംവരണം ഏർപ്പെ

ടുത്തുന്നതാണ്. ഇവിടെ ഇപ്പോൾ യു.ജി.സി. ഗ്രാന്റ്സ് കമ്മീഷന്റെ സഹായം ലഭിക്കുന്നില്ല. അതിന് ഇവിടെ കുറച്ച് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. അതിനുള്ള ശ്രമം നടത്തുകയാണ്. ഇപ്പോൾ ICAR (Indian Council of Agriculture Research) –ന്റെ സഹായവും മിനിസ്ട്രി ഓഫ് എർത്ത് സയൻസിന്റെ സഹായവും ലഭിക്കുന്നുണ്ട്. യു.ജി.സി.യുടെ വ്യവസ്ഥകൾക്കനുസരിച്ച് എല്ലാ കാര്യങ്ങളും ചിട്ടപ്പെടുത്തി 12 (ബി) നോട്ടിഫിക്കേഷനുവേണ്ടി യൂണിവേഴ്സിറ്റി ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുക യാണ്.

ചമ്രവട്ടം റഗുലേറ്റർ–കം–ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾ

ഡോ: കെ. ടി. ജലീൽ : സർ, അതീവ ഗൗരവതരമായിട്ടുള്ളൊരു കാര്യ മാണ് അങ്ങയുടെയും സഭയുടെയും ശ്രദ്ധയിലേയ്ക്ക് ഞാൻ കൊണ്ടു വരുന്നത്. 50 കൊല്ലക്കാലത്തെ തിരൂർ–പൊന്നാനി താലൂക്കുകളിൽ അതിവസിക്കുന്ന ജനങ്ങളുടെ സ്വപ്നമാണ് ചമ്രവട്ടം റഗുലേറ്റർ–കം–ബ്രിഡ്ജ് യാഥാർത്ഥ്യമായതിലൂടെ പൂവണിഞ്ഞത്. 30 വർഷംമുമ്പ് ഈ പദ്ധതിയുടെ ഓഫീസ് പ്രവർത്തനം ആരംഭിച്ചിരുന്നു. മലപ്പുറം ജില്ലയുടെ രണ്ട് താലൂക്കു കളുടെയും പാലക്കാട് ജില്ലയിലൂടെ പൊന്നാനി മേഖലയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളുടെയും കുടിവെള്ള ക്ഷാമ പരിഹാരവും പതിനായിരം ഹെക്ടർ കാർഷിക നിലങ്ങളിലേയ്ക്കുള്ള ജലസേചനവും ജനങ്ങളുടെ ഗതാഗത സൗകര്യ വർദ്ധനവുമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിട്ടിരുന്നത്. ജലസേചന വകുപ്പ് ചമ്രവട്ടം റഗുലേറ്റർ–കം–ബ്രിഡ്ജ് പണി പൂർത്തിയാക്കി

യത് യുദ്ധകാല അടിസ്ഥാനത്തിലായിരുന്നു. മുൻ തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടിയുടെ അതീവ താൽപര്യത്തിലും മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ അകമഴിഞ്ഞ സഹകരണത്തോടെയുമാണ് ചമ്രവട്ടം പദ്ധതി യാഥാർത്ഥ്യമാക്കാനായത്. ഈ സർക്കാർ വന്നതിനുശേഷം വകുപ്പുമന്ത്രി എന്നുള്ള നിലയിൽ അങ്ങും ബഹുമാന്യരായ മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിനോട് അനുബന്ധിച്ച റോഡുകളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ പണം അനുവദിച്ചു എന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. 2009 ഡിസംബറിൽ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവൃത്തി തുടങ്ങി. 2012 മെയ് 17-ന് അങ്ങയുടെ അദ്ധ്യക്ഷതയിൽ ബഹുമാന്യനായ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയാണ് ജനങ്ങൾക്കായി ഈ പദ്ധതി നാടിന് സമർപ്പിച്ചത്. 158 കോടി രൂപയാണ് മൊത്തം ചെലവായത്. 144.65 കോടി രൂപ ഇതിനായി ചെലവിട്ടു. 95.12 കോടി രൂപ നബാർഡ് ഫണ്ട് പൂർണ്ണമായും ചെലവഴിച്ചാണ് പദ്ധതി പൂർത്തിയാക്കിയത്. പണി പൂർത്തിയായി 2012-2013 വേനൽക്കാലത്ത് ജലസംഭരണത്തിനായി 01-11-2012-ൽ ഷട്ടറുകൾ മുഴുവൻ താഴ്ത്തി. 10-11-2012-ന് ഒരു ചെറിയ ചോർച്ച ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇതിനെത്തുടർന്ന് 03-12-2012-ന് ടെക്നിക്കൽ കമ്മിറ്റി സ്ഥലം സന്ദർശിച്ച് പ്രത്യേകം യോഗം ചേരുകയുണ്ടായി.

റെഗുലേറ്ററിന്റെ താഴ്ഭാഗത്ത് ഹാർബർ എഞ്ചിനിയറിംഗ് വിഭാഗമുൾപ്പെടെ വ്യാപകമായി മണ്ണെടുക്കുന്നതാണ് ചോർച്ചയ്ക്ക് കാരണമെന്ന് കമ്മിറ്റി പ്രാഥമികമായ നിഗമനത്തിലെത്തിയത്. ഷട്ടർ കഴിഞ്ഞുള്ള ഭാഗത്ത്

വലിയ കോൺക്രീറ്റ് ബ്ലോക്കുകൾ താഴ്ന്നുപോയിടത്ത് ലോഹത്തിന്റെ നെറ്റ് ബ്ലോക്കുകളിൽ കരിങ്കല്ല് നിറച്ച് നിരപ്പാക്കാൻ നിർദ്ദേശിച്ചു. താത്കാലികമായി ചോർച്ച അടയ്ക്കാൻ ബന്ധപ്പെട്ട കോൺട്രാക്ടറോട് നിർദ്ദേശിക്കുകയും ചെയ്തു. 2/4/2013 –ന് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി ബഹുമാന്യനായ അങ്ങയുടെ അദ്ധ്യക്ഷതയിൽ ചേർന്ന് കാര്യങ്ങൾ വിലയിരുത്തുകയുണ്ടായി. പദ്ധതി പ്രദേശത്ത് നിന്നും മണലെടുപ്പ് നിരോധിക്കാൻ കളക്ടറോട് ആവശ്യ പ്പെടാൻ തീരുമാനിച്ചു. ചോർച്ച താത്കാലികമായി അടച്ച് ഷട്ടറുകൾ താഴ്ത്തി ആ വേനൽക്കാലം മുഴുവൻ ജലസംഭരണം നടത്തുകയും ചെയ്തു. 2013–14 വേനൽക്കാലത്ത് ജലസംഭരണത്തിനായി 15/11/2013–ന് ഷട്ടറുകൾ വീണ്ടും അടച്ചു. 13/12/2013 ന് വീണ്ടും മുൻവർഷത്തെപ്പോലെ ചോർച്ച കാണപ്പെട്ടു. 4/2/2014–ന് ടെക്നിക്കൽ കമ്മിറ്റി യോഗം ചേരുകയും ഒരു സീസൺകൂടി കാത്തിരുന്ന് പുനരുദ്ധാരണ പ്രവർത്തനങ്ങൾ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. ഇക്കാര്യത്തെക്കുറിച്ച് ഒരു പഠനം നടത്തി പരിഹാരം നിർദ്ദേശി ക്കാൻ തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജിലെ വിദഗ്ദ്ധൻമാരുടെ സേവനം തേടണമെന്ന് ഇറിഗേഷന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയുണ്ടായി. അപ്രകാരം വിദഗ്ദ്ധർ സ്ഥലം സന്ദർശിച്ച് 21/5/2014–ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ തൽസംബന്ധമായ പ്രാഥമിക നിഗമനങ്ങൾ സമർപ്പിക്കുകയുണ്ടായി. കൂടുതൽ പഠനം ഇക്കാര്യത്തിൽ വേണമെന്നും അതിനായി പദ്ധതി പ്രദേശത്ത് ട്രയൽ ബോറിംഗ് ചെയ്യണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ജൂലായ് മാസത്തിൽ തന്നെ ശാശ്വതമായ പുനരുദ്ധാരണ പദ്ധതിയുടെ ഡിസൈൻ സമർപ്പിക്കണമെന്നും വിദഗ്ദ്ധർ യോഗത്തിൽ അറിയിക്കുകയും ചെയ്തു. അതുപ്രകാരം ട്രയൽ ബോറിംഗ് പൂർത്തയാക്കി.

ശാശ്വത പരിഹാരം സാദ്ധ്യമാക്കാൻ ഷീറ്റ് പൈലിംഗ് നടത്തിയാലല്ലാതെ ജല സംഭരണം സാദ്ധ്യമാവില്ലെന്ന നിഗമനമാണ് മുന്നോട്ട് വയ്ക്കപ്പെട്ടിട്ടുള്ളത്. ഇതിനായി 20 കോടി രൂപയാണ് ഇനിയും അധികമായി ആവശ്യം വരുന്നത്. ഇനിയും അടുത്ത ഒരു വേനൽക്കാലത്തേയ്ക്ക് കൂടി പരീക്ഷണത്തിന് പോകാതെ എത്രയും വേഗം ഷീറ്റ് പൈലിംഗ് നടത്താൻ ആവശ്യമായ തുക അങ്ങയുടെ ഡിപ്പാർട്ട്മെന്റിൽ നിന്ന് അനുവദിച്ച് കിട്ടണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ചമ്രവട്ടം റെഗുലേറ്ററിന്റെ ജലനിരപ്പ് അധികം 3.75 മീറ്ററായി ഉയർന്നപ്പോൾ ചോർച്ച കാണുകയുണ്ടായി. ഇതേ തുടർന്ന് ഏതാനും ഷട്ടറുകൾ തുറന്ന് ജലനിരപ്പ് ക്രമീകരിക്കുകയും കൂടുതൽ വിശദമായി പരിശോധിക്കുകയും ചെയ്തു. അനിയന്ത്രിതമായ മണലെടുപ്പുമൂലം പുഴയുടെ അടിത്തട്ട് ക്രമാതീതമായി താഴ്ന്നതുമൂലമുള്ള പൈപ്പിംഗ് പ്രതിഭാസമാണ് ചോർച്ചയുടെ കാരണമെന്ന് വിലയിരുത്തുകയുണ്ടായി. താഴ്ഭാഗത്തെ താഴ്ന്ന ബ്ലോക്ക് ലൂസ് അപ്രോണുകൾ പുന:സ്ഥാപിക്കുന്നതിന് രണ്ട് സീസണുകൾ നോക്കിയതിന് ശേഷം ഷീറ്റ് പൈലിംഗ് നടത്തുന്നതിനും മണലെടുപ്പ് നിരോധിക്കുന്നതിനും പദ്ധതി പ്രദേശം ഡാം സുരക്ഷാ അതോറിറ്റിയുടെ പരിധിയിലുൾപ്പെടുത്തുന്നതിനും തീരുമാനിച്ചിരുന്നു. മണലെടുപ്പ് പൂർണ്ണമായും നിരോധിക്കാൻ തീരുമാനിച്ചു. ആദ്യഘട്ടമെന്ന നിലയിൽ താഴ്ന്ന ബ്ളോക്ക് ലൂസ് അപ്രോണുകൾ കരിങ്കൽ നിറച്ച ഗാബിയോൺ ഉപയോഗിച്ച് പൂർവ്വനിരപ്പ് പുന:സ്ഥാപിക്കുന്നതിനും ആവശ്യമെങ്കിൽ രണ്ടാംഘട്ടമെന്ന നിലയ്ക്ക് മുകൾ ഭാഗത്ത് അധികമായ ഷീറ്റ് പൈലുകൾ അടിക്കുന്നതിനും തീരുമാനിച്ചു. എന്നാൽ ഈ വിഷയം

കൂടുതൽ വിശദമായി പഠിക്കുവാൻ തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജിനെ ഏൽപ്പിക്കുകയും 10/5/2014 –ന് അവർ സ്ഥലം സന്ദർശിക്കു കയും ചെയ്തു. 21/5/2014 –ന് പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിൽ അനിയന്ത്രിതമായ മണൽവാരൽമൂലം പുഴയുടെ അടിത്തട്ട് താഴ്ന്നത് കാരണം ഡിസൈന് ആധാരമാക്കിയ സാഹചര്യങ്ങൾ മാറിയിട്ടുണ്ടെന്നും നിലവിലുള്ള ഡിസൈൻ ഉപരിതല ഒഴുക്കിനെയും ഭൂഗർഭ ഒഴുക്കിനെയും വേണ്ടവണ്ണം തടുക്കാൻ പര്യാപ്തമല്ലെന്നും ഇത് പരിഹരിക്കണമെന്നും അഭിപ്രായപ്പെട്ടു. 4/6/2014 മുതൽ മണ്ണ് പരിശോധന ആരംഭിച്ചിട്ടുണ്ട്. ജൂലൈ 31–നകം റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടൻ സാങ്കേതിക സമിതികൂടി വിലയിരുത്തുകയും ഡൽഹി ഐ.ഐ.ടി.യിൽ നിന്നുള്ള റിപ്പോർട്ടിന്മേൽ അഭിപ്രായം ആരായാൻ ഉദ്ദേശി ക്കുന്നുമുണ്ട്. മേൽപ്പറഞ്ഞ നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് സാങ്കേതികാനുമതിയും ഭരണാനുമതിയും നൽകി ആവശ്യമായ പ്രവൃത്തി കൾ ഏറ്റെടുക്കുന്നതാണ്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, കഴിഞ്ഞ രണ്ട് ബഡ്ജറ്റിലും ഒരു പൈസ പോലും ചമ്രവട്ടം പദ്ധതിയുടെ നിർവ്വഹണ ചെലവിലേയ്ക്കായി നീക്കി വച്ചിട്ടില്ല. അതുകൊണ്ട് തന്നെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസിന് ആവശ്യ മായ തുക പോലും ഇല്ലാത്ത അവസ്ഥയാണുള്ളത്. പണം അടയ്ക്കാത്തതു കൊണ്ട് പാലത്തിലുള്ള തെരുവുവിളക്കുകൾക്കുള്ള കണക്ഷൻ പോലും കെ.എസ്.ഇ.ബി. വിച്ഛേദിച്ചിരിക്കുകയാണ്. ഷട്ടർ ഓപ്പറേഷൻ ചെയ്യാനുള്ള ജനറേറ്ററുകളുടെ ഡീസലിന് പോലും പണമില്ലാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഓപ്പറേറ്റർമാരുടെ വേതനം ഇക്കാലമത്രയായിട്ടും നൽകി

യിട്ടില്ല. ജലസേചന വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നെങ്കിലും വൈദ്യുതി ചാർജടയ്ക്കാനും ജനറേറ്ററിന് ഡീസലടിക്കാനും ഓപ്പറേറ്റർമാരുടെ ഇന്നേവരെയുള്ള വേതനം നൽകാനും അടിയന്തര നടപടി കൾ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: ഈ ആവശ്യങ്ങൾ പ്രത്യേകമായി പരിശോധി ക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഞാൻ തന്ന സബ്മിഷൻ ആദ്യത്തെ നോട്ടീസിൽ ഉണ്ടായിരുന്നു. ഇപ്പോൾ രണ്ടാമത്തെ നോട്ടീസിൽ കാണുന്നില്ല.

മി. സ്പീക്കർ: അങ്ങയുടെ സബ്മിഷൻ നോട്ടീസ് കിട്ടി. അത് കൊടുത്തു. മറുപടി പറയേണ്ടത് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പു മന്ത്രിയാണ്. മന്ത്രി അടിയന്തരമായി കോൺഫറൻസിൽ പങ്കെടുക്കാൻ ഡൽഹിയിൽ പോയതുകൊണ്ട് മന്ത്രി ഉണ്ടാകില്ലെന്ന് അങ്ങയുടെ ഓഫീസിൽ അറിയിച്ചിരുന്നു. അതിന് ശേഷമാണ് അത് മാറ്റിയത്.

ശ്രീ. വി. എസ്. അച്ചുതാന്ദൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മറുപടി പറയാവുന്നതാണ്.

മി. സ്പീക്കർ: അതിൽ കുറച്ച് സാങ്കേതികമായ കാര്യങ്ങൾ ഉള്ളതു കൊണ്ട് ബുദ്ധിമുട്ടുണ്ടന്ന് അറിയിച്ചതുകൊണ്ടാണ് ആ വിവരം അറിയിച്ചത്. ലിസ്റ്റ് ചെയ്തെങ്കിലും ബഹുമാനപ്പെട്ട മന്ത്രിക്ക് അടിയന്തരമായി യോഗത്തിൽ പങ്കെടുക്കാനുള്ളതുകൊണ്ട് എന്റെ ഓഫീസിൽ നിന്നും പ്രതിപക്ഷനേതാ വിന്റെ പ്രൈവറ്റ് സെക്രട്ടറിയെ വിവരം അറിയിച്ചിരുന്നു. അല്ലാതെ അങ്ങ യുടെ സബ്മിഷൻ മാറ്റിയതല്ല. ക്ഷമിക്കണം.